24.6.99 ന് സർക്കാരിൽ പരാതി സമർപ്പിച്ചിട്ടുണ്ട്. ടി. പരാതി ആവശ്യമായ നടപടികളെടുക്കുന്നതിനായി 27823/കെ1/99/തഭവ നമ്പർ എൻഡോഴ്സ്മെന്റായി പഞ്ചായത്ത് ഡയറക്ടർക്ക് 28.6.99 ന് അയച്ചിട്ടുണ്ട്. മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 15.6.99-ലെ 1 (14)-ാം നമ്പർ തീരുമാനപ്രകാരം റോഡിന്റെ അതിര് നിർണ്ണയിച്ച് നൽകുവാൻ ആർ.ഡി.ഒ.യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കുളനട പഞ്ചായത്തിന് അനുവദിച്ച തുക

120 (2177) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ കുളനട പഞ്ചായത്തിന് 1998-99-ൽ പദ്ധതി വിഹിതമായി എന്തു തുക നൽകിയിട്ടുണ്ട്;

(ബി) ഇതിൽ 1999 മാർച്ച് 31 വരെ എന്തു തുക ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇതിൽ ഓരോ മേഖലയ്ക്കും അനുവദിച്ചിരുന്ന തുകയും അതിൽ ചെലവാക്കിയ തുകയും എത്രയാണെന്ന് അറിയിക്കുമോ;

(ഡി) ഈ പഞ്ചായത്തിന് 1999-2000 വർഷത്തേയ്ക്ക് പദ്ധതിവിഹിതമായി എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(ഇ) 1998-99-ൽ പഞ്ചായത്തിന്റെ തനത് വിഹിതം എന്തായിരുന്നു;

(എഫ്)വി.റ്റി.സി., വി.ആർ.എം., സ്റ്റാമ്പ് ഡ്യൂട്ടി എന്നീ ഇനങ്ങളിൽ എന്തു തുക ലഭിച്ചിട്ടുണ്ട്;

(ജി) 1998-99-ൽ ഈ പഞ്ചായത്ത് പദ്ധതി വിഹിതം പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 49,29,000/- രൂപ.

(ബി) 36,65,942/-രൂപ.

(സി)

മേഖല	അനുവദിച്ച തുക (രൂപ)	ചെലവാക്കിയ തുക (രൂപ)
1. ഉത്പാദന മേഖല	20,42,000/-	14,16,458/-
2. സേവന മേഖല	16,96,000/-	12,24,805/-
3. പശ്ചാത്തല മേഖല	11,91,000/-	10,24,679/-
ആകെ	**49,29,000/-**	**36,65,942/-**

(ഡി) 51,56,000/-രൂപ.

(ഇ) 10,50,000/-രൂപ (പഞ്ചായത്ത് വിഹിതം)

(എഫ്)വി.റ്റി.സി. - 5,00,198/- രൂപ.

വി.ആർ.എം. - ഇല്ല.

സ്റ്റാമ്പ് ഡ്യൂട്ടി - 6,41,440/- രൂപ.

ആകെ - 11,41,638/

(ജി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly